# ജി വി എച്ച് എസ് എസ് മടിക്കൈ II

# ലിറ്റിൽകൈറ്റ്സ്




## ഡിജിറ്റൽ മാഗസിൻ

**2020 ജനുവരി**

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

- ഐശ്വര്യ സി വി
- അനുശ്രീ വി
- സഹല യാസ്മിൻ എ പി
- ഗോപിക ഗോപാൽ
- മൃദുൽ ചന്ദ്രൻ യു വി
- അഫ്സൽ എ
- ശ്രീരാജ് കെ പി
- ആദർശ് കെ
- ആദിത്യൻ കെ
- അഭിജിത്ത് എൻ
- ആദിത്യൻ പി കെ

# ആശംസകളോടെ


**മടിക്കൈ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ 'ലിറ്റിൽ കൈറ്റസ്'' ഐടി ക്ലബ്ബ് മികച്ച പ്രവർത്തനമാണ് കാഴ്ച വെക്കുന്നത് ഇവർ ഭാവിയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ മിടുക്കരായി തീരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.ഇവർ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ** ***പട്ടം 2020'ക്ക് എല്ലാവിധ ആശംസകളും നേരുന്നു.***



സുരേഷ് കുമാർ പി

ഹെഡ്മാസ്റ്റർ

ജി വി എച്ച് എസ് എസ് മടിക്കൈ



ജി വി എച്ച് എസ് എസ് മടിക്കൈ II ലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ വിവര സാങ്കേതിക രംഗത്ത് വിദ്യാർഥികൾക്കുള്ള മികവിന്റെ ചെറിയ ഉദാഹരണമാണ്.അതോടൊപ്പം കലാ സാഹിത്യ രംഗത്ത് അവർക്കുള്ള അഭിരുചികളുടേയും അറിവിന്റേയും വിവര സാങ്കേതിക വിദ്യയുടേയും അനന്തമായ ആകാശത്തിൽ ഒരുപാട് ഉയർന്നു പറക്കുവാൻ ഈ കൊച്ചുപട്ടങ്ങൾക്ക് സാധിക്കട്ടെ



സുരേഷൻ പി

എസ് എം സി ചെയർമാൻ


# ആശംസകളോടെ



സേതു വി

പി ടി എ പ്രസിഡണ്ട്

**ജി വി എച്ച് എസ് എസ് മടിക്കൈ സെക്കണ്ട് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പട്ടം 2020(PATTAM TWENTY TWENTY)ഡിജിറ്റൽമാഗസിൻ പുറത്തിറങ്ങുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗവാസനകളെ കോർത്തിണക്കി തയ്യാറാക്കുന്ന ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു**



എന്റെ ജീവിതമാണ് എന്റെ സന്ദേശം

-മഹാത്മാഗാന്ധി-

# എഡിറ്റോറിയൽ

**വർഷങ്ങൾക്ക** ശേഷം കൗമാര കലാ മാമാങ്കത്തിന് വേദിയായത് സപ്തഭാഷ സംഗമഭൂമിയായ കാസർഗോഡിലെ കാഞ്ഞങ്ങാടിന്റെ മണ്ണാണ്. സ്നേഹവും സ്വാന്തനവുമാണ് കാഞ്ഞങ്ങാടിന്റെ കലോൽസവകാറ്റിൽ പറന്നത്. കാഞ്ഞങ്ങാടിന്റെ മഹിമ വാനോളം ഉയർത്താൻ ഈ കലോൽസവം ഒരു വേദിയായെന്ന മാത്രം.പാടിപ്പുകഴ്ത്താൻ പറ്റാത്തതാണ് കാഞ്ഞങ്ങാടിന്റെ മഹിമ. ഈ വർഷവും പാലക്കാട് കിരീടം ചൂടിയപ്പോൾ ഒട്ടും പിറകിലായിരുന്നില്ല നമ്മുടെ സ്കൂൾ.മോണോആക്ട്,നാടൻപാട്ട്,ഹിന്ദികഥാരചന എന്നിവയിൽ എ ഗ്രേഡ് നേടാൻ വിദ്യാലയത്തിലെ പ്രഗൽഭരായ വിദ്യർത്ഥികൾക്ക് സാധിച്ചിട്ടുണ്ട്.

ഓരോ ഇനത്തിലും വിജയിച്ച കാസർഗോഡ് ജില്ലയിലെ വിദ്യാർത്ഥികളെ മീഡിയയ്ക്ക് മുന്നിൽ കൊണ്ട് വരാൻ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടുണ്ട്.വിജയികളുടെ ഫോട്ടോ എടുക്കുന്നതിലും ഒട്ടും പിറകിലായിരുന്നില്ല.ഈ അക്കാദമിക്ക് വർഷം തുടങ്ങുമ്പോൾ തന്നെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളും ആരംഭിച്ചു.ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമക്ലാസ് ആരംഭിച്ചത് കാസർഗോഡ് ജില്ല ലിറ്റിൽ കൈറ്റ്സ് കോർഡിനേറ്റർ ശങ്കരൻ മാസ്റ്ററുടെ സാന്നിധ്യത്തിലായിരുന്നു.

പട്ടം വിജയത്തിന്റെയും സർഗാത്മകതയുടെയും പ്രതീകമാണ്. ഇവിടെ ഓരോ പട്ടവും വിദ്യാർഥിയുടെ സർഗാത്മകതയാണ്.അതുകൊണ്ട് തന്നെയാണ് പുതുവർഷത്തിലും സർഗാത്മകത പൂക്കുന്ന ഈ തേന്മാവിൻ ചുവട്ടിന്റെ ഡിജിറ്റൽ മാഗസിന് ഞങ്ങൾ 'പട്ടം2020'(Twenty Twenty)എന്ന് നാമകരണം ചെയ്തത്.ഓരോ കുരുന്നിന്റെയും സർഗാത്മകത വിരിയുന്ന ഈ മാഗസിൻ ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.

# പട്ടം പറത്തുമ്പോൾ


- തനിയെ :വിസ്മയ എൻ ടി 9
- സഖീ നീ വരിക :അമിത 12
- സമത്വ സുന്ദര ലോകം :നന്ദന എ 14
- socail relevence of reading : Ajanya v 16
- ചിത്രം :അശ്വിൻ കൃഷ്ണ 18
- ചിത്രം : ശ്രീനന്ദ കെ 19
- പ്രകൃതി ഒരു ലഹരി :അഭിജിത്ത് 21
- ചിത്രം :നീലിമ ബി 23
- എന്റെ ഒരു ദിവസം :വിസ്മയ എസ് 24
- ചിത്രം :നന്ദിത എൽ ആർ 25
- ചിത്രം :മൃദുൽ ചന്ദ്രൻ യു വി 27
- മൂന്നാം വർഷവും വിജയ ത്തിളക്കത്തിൽ നന്മ :ഐശ്വര്യ സി വി 30
- കലോത്സവ ലഹരിയിൽ മടിക്കൈ 32
- സ്കൂളിന്റെ ആദരം ഏറ്റുവാങ്ങി 33
- Rain of love :Amrutha K 34
- ചിത്രം :സംഗീത് കുമാർ പി കെ 35
- അപ്പുവിന്റെ സങ്കടം : അനശ്രീ വി 37

- സൗന്ദര്യ കന്യക :അഫ്സൽ എ 38
- നവകേരളം കുട്ടികളുടെ കണ്ണിലൂടെ :രേവതി വി വി 39
- കടങ്കഥ :വേദ വി വി 43
- ചിത്രം : അനാമിക ടി 44
- വടിയും വഴക്കുമില്ലാത്ത അധ്യാപകർ :നന്ദന എ 46
- കണ്ണീരണിഞ്ഞ കനവുകൾ :നന്ദന എം 49
- എന്റെ ഡയറി :ശിവനന്ദ എൻ 51
- പറവകൾ :വൈഷ്ണവ് 52
- ആപ്പിൾ സുന്ദരി :അവന്തിക സി 53
- കനൽ :ജനിഷ ഗംഗാധരൻ 54
- ചിത്രം :അഭിനവ് കെ 55
- ഹിന്ദി കഥ :അമൃത കെ 57
- അനുഭവം : മൃദുൽ പി റാം 58
- ഫോട്ടോ ഫീച്ചർ 61

# തനിയെ

**ഉപജില്ലാ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ കഥ**



*വിസ്മയ എൻ ടി*

*പത്ത് എ*

*സന്തോഷ് ഡോക്ടറുടെ അടുത്തെത്തി.അയാളുടെ നടത്തവും മുഖത്തെ  വിഷാദഭാവവും കണ്ടപ്പോൾ തന്നെ ഡോക്ടർക്ക് മനസ്സിലായി പതിവുപോലെ ഇന്നും അയാൾക്ക് നിരാശനാകേണ്ടി വന്നു എന്ന്.*

*മി.സന്തോഷ് എനിക്ക് മനസ്സിലാക്കാൻ പറ്റും,താങ്കളുടെ  നിസ്സഹായവസ്ഥ.ഞാൻ പറഞ്ഞല്ലോ.നിങ്ങളുടെ ഭാര്യയുടെ ഇപ്പോഴത്തെ    ശാരീരികാവസ്ഥയിൽ ഒരു കുഞ്ഞിന് ജന്മം നൽകാൻ കഴിയുക അസാധ്യമാണ്.അതു ചിലപ്പോൾ നിങ്ങളുടെ കുഞ്ഞിനോ അല്ലെങ്കിൽ ഭാര്യക്കോ മരണം വരെ സംഭവിക്കാൻ സാധ്യതയുണ്ട്.'*

*പക്ഷേ ഡോക്ടർ, ശാലിനി,അവളൊരു കുഞ്ഞിനു വേണ്ടി എത്രനാൾ കാത്തിരിക്കണം? ഏതൊരമ്മയ്ക്കും തോന്നുന്ന വികാരമാണ് ഒരു കുഞ്ഞിന് ജന്മം നൽകി അതിനെ കൊതിതീരുവോളം വാത്സല്യമേകാൻ ഊണിലും ഉറക്കത്തിലും അവളുടെ ചിന്ത കുഞ്ഞിനെക്കുറിച്ചാണ്.*

*പക്ഷേ സന്തോഷ് . . . ഡോക്ടർ അയാളുടെ വാക്കുകൾ പറഞ്ഞു തീർക്കാതെ എന്തോ ചിന്തയിലാണ്ടു.കുറേ നേരം ഡോക്ടർ നിശബ്ദനായി.എന്നിട്ട് പറഞ്ഞു . ശരി, നിങ്ങൾക്ക് വേണ്ടത് ഒരു കുഞ്ഞാണെങ്കിൽ അതിനു വേണ്ടി പ്രാർഥിക്കുക.അതിനു ശേഷമുള്ള കാര്യത്തിൽ കുഞ്ഞിനെയും അമ്മയെയും സംരക്ഷിക്കാൻ ഞാനും മറ്റു ഡോക്ടർമാരും പരമാവധി ശ്രമിക്കാം.അത്ര മാത്രമേ ഞാൻ പറയുന്നുള്ളൂ. ഡോക്ടറുടെ ആ വാക്കുകളിൽ അയാൾ തൃപ്തി കണ്ടെത്തിയില്ല.ഒരു കുഞ്ഞിക്കാലു കാണാൻ അയാൾ സകല ദൈവങ്ങളോടും കരഞ്ഞു പ്രാർ ഥിച്ചു.അയാളുടെ ആ പ്രാർഥന വെറുതെ ആയില്ല. ഒരു സായാഹ്നം. വീൽച്ചെയറിന്റെ രണ്ട് ചക്രങ്ങൾ കൈകളിൽ തഴുകി അവൾ പതിയെ മുന്നോട്ടു നീങ്ങാൻ ശ്രമിച്ചു.പക്ഷേ ഇന്ന് എന്തോ അവൾക്ക് നല്ല സുഖമില്ല.തല കറങ്ങുന്നതുപോലെ,മനംപുരട്ടുന്നു.ദേഹമാസകലം നന്നേ ക്ഷീണം.*



*ചേട്ടാ . . . ശബ്ദം പുറപ്പെടുന്നില്ല.തൊണ്ടയിടറുന്നു.എങ്കിലും അവളുടെ നേരിയ ശബ്ദം പോലും കേട്ടറിഞ്ഞ് അയാൾ ഓടിയെത്തി.എന്തു പറ്റി ? സന്തോഷ് ചോദിച്ചു. അതു പിന്നെ എനിക്കെന്തോ . . . പറഞ്ഞു തീരും മുൻപേ അവളുടെ ബോധം മറഞ്ഞു.*
*അയാളുടെ ഉള്ളൊന്നു പിടഞ്ഞു.ആശുപത്രിയുടെ വരാന്തയിലൂടെ അയാൾ അങ്ങോട്ടുമിങ്ങോട്ടും സമാധാനമില്ലാതെ നടന്നു കൊണ്ടിരുന്നു.*
*എത്രനേരം അയാളങ്ങനെ നടന്നുവെന്നറിയില്ല.കാത്തിരിപ്പിൻെറ അറ്റമെന്നോണം ഒരു കുഞ്ഞിൻെറ കരച്ചിൽ പുറത്തേക്ക് പ്രതിധ്വനിച്ചു.അയാളുടെ സന്തോഷം കുറച്ചു സമയത്തേക്ക് മാത്രമായിരുന്നു. ഡോക്ടർ പുറത്തേക്ക് കടന്നുവന്നു.*
*കുഞ്ഞ് സേഫ് ആണ്.പക്ഷേ ശാലിനിയെ രക്ഷിക്കാൻ പറ്റിയില്ല.ഞങ്ങളാവതും ശ്രമിച്ചിരുന്നു.എന്നാലും 'അയാം സോറി'. സന്തോഷ് നിശബ്ദനായി കുറേ നേരം അങ്ങനെ നിന്നു.അപ്പോൾ കുഞ്ഞുമായി സിസ്റ്റർ അടുത്തേക്കു വന്നു. പെൺകുഞ്ഞാ, സിസ്റ്റർ പറഞ്ഞു.അയാൾ നിശബ്ദം അതിനെ ഏറ്റുവാങ്ങി.ഓമനത്തമുള്ള ഒരു സുന്ദരിക്കുഞ്ഞിനെ നീ എനിക്ക് തന്നു.അതിനെ ലാളിക്കാൻ കൂടുതൽ ഇഷ്ടം നിനക്കായിരുന്നില്ലേ.എന്നിട്ടും നീയെന്തിന് എന്നോട് ഒരു വാക്കു പോലും പറയാതെ... അയാൾ അവളെ കെട്ടിപ്പിടിച്ചു കരഞ്ഞു.തുടർന്ന് പറയാൻ കഴിയാതെ അയാളുടെ കണ്ഠം ഇടറി.മനസ് പതറി.ഹൃദയം വിതുമ്പി.കുഞ്ഞ് വാവിട്ടു കരയുന്നു.എങ്ങനെ നിന്നെ ഞാൻ സമാധാനിപ്പിക്കും മുത്തേ,നിൻെറ അമ്മയുണ്ടായിരുന്നെങ്കിൽ.അയാൾ അങ്ങനെ ചിന്തിച്ചു കൊണ്ടിരിക്കവെ അയാളുടെ അമ്മ അരികിൽ വന്നു.എന്നെയും അച്ഛനെയും തനിച്ചാക്കി നീ അവളെയും കൂട്ടി നിൻെറ ഇഷ്ടത്തിന് വീട്ടിൽ നിന്ന് ഇറങ്ങപ്പോയി.എനിക്ക് നിന്നോട് ദേഷ്യമുണ്ടായിരുന്നു.പക്ഷേ ഒരിക്കലെങ്കിലും*
*നിനക്കെന്നെ വിളിക്കാൻ തോന്നിയോ മോനെ,എവിടെ നിൻെറ കുഞ്ഞ് ഞാൻ കാണട്ടെ.അമ്മേ, അയാൾ ദയനീയമായി വിളിച്ചു.മോനേ,ശാലിനി അവളെവിടെ? അമ്മേ. . .അവൻ വാവിട്ടു നിലവിളിച്ചു.ആ ഒരു സങ്കടത്തോടെയുള്ള വെമ്പലിൽ തന്നെ അമ്മയ്ക്ക് കാര്യം മനസിലായി.പിന്നീട് എന്തു പറ്റി എന്ന് ചോദിക്കാൻ അവർക്ക് മനസ് വന്നില്ല.അമ്മയില്ല എന്നുള്ള കുറവ് അറിയിക്കാതെ സന്തോഷ് അവളെ വളർത്തി. കുഞ്ഞിന് മൂന്ന് മാസമായി.ഒരു ദിവസം അയാൾ ശ്രദ്ധിച്ചു.കുഞ്ഞിന് വല്ലാതെ ശ്വാസംമുട്ടും നെഞ്ചുവേദനയും.അയാൾ ഉടനെ ആശുപത്രിയിലെത്തി.ഡോക്ടർ വിശദമായി പരിശോധിച്ചു.സ്കാൻ റിപ്പോർട്ടിലേക്ക് കുറെ സമയം നോക്കി ഡോക്ടർ അങ്ങനെ നിന്നു.ഡോക്ടർ എൻെറ കുഞ്ഞിന് എന്താണ് ? സന്തോഷ് എനിക്ക് പറയാനൽപ്പം ബുദ്ധിമുട്ടുണ്ട്, പക്ഷേ പറയാതിരിക്കാൻ പറ്റില്ലല്ലോ.ഡോക്ടർ എന്തായാലും മടിക്കാതെ പറയൂ.കുഞ്ഞിന് ഹാർട്ടിൽ ചെറിയൊരു വാൽവ് . . . .*
*താങ്കൾ പേടിക്കേണ്ട,കുഴപ്പമൊന്നുമില്ല,നമുക്ക് ചികിത്സിച്ച് മാറ്റാവുന്നതേയുള്ളൂ. അയാൾ ഒന്നു പകച്ചു.ദൈവം എത്ര ക്രൂരനാണ് എന്ന് അയാൾ സ്വയം ചിന്തിച്ചു പോയി. പിന്നീട് അയാൾ ഉറക്കമില്ലാതെ കരഞ്ഞു തീർത്ത നൊമ്പരത്തിൻെറ നാളുകൾ ഒറ്റപ്പെടൽ കൂടിയായിരുന്നു.*
*കുഞ്ഞ് വളർന്നുവെങ്കിലും അയാളിൽ സന്തോഷം തെല്ലുമില്ലായിരുന്നു.കാരണം എത്ര ഡോക്ടർമാരെ കണ്ടു.എത്ര ആശുപത്രിപ്പടികൾ കയറിയിറങ്ങി.ഒരു മാറ്റവും കുഞ്ഞിൽ*

*കണ്ടില്ല.കുഞ്ഞിൻെറ നടക്കാനും എഴുന്നേൽക്കാനുമുള്ള ശേഷി ഇല്ലായിരുന്നു. കുഞ്ഞിന് ഒന്നര വയസ് പൂർത്തിയാകുന്ന ദിവസം കുഞ്ഞ് വിളിച്ചു,അച്ഛാ ഇങ്ങോട്ട് വാ. എന്താ മോളേ.എന്നെ നടത്തിക്കച്ഛാ.മോളേ. . .അയാൾ അത്ഭുതപ്പെട്ടു.എനിക്ക് നടക്കണച്ഛാ, എന്ന നടത്തിക്കച്ഛാ.അയാളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർത്തുള്ളികൾ വീണുകൊണ്ടേയിരുന്നു.അയാൾ തൻെറ കുഞ്ഞിൻെറ നനുത്ത കുഞ്ഞുകൈകളിൽ പിടിച്ച് അവളുടെ കുഞ്ഞു പാദങ്ങളെ തൻെറ കാലുകൾക്ക് മുകളിൽ വെച്ച് അവളെ നടത്തിച്ചു.പെട്ടെന്ന് അവൾക്ക് വല്ലാത്ത ശ്വാസംമുട്ടൽ അനുഭവപ്പെട്ടു.നെഞ്ചിൽ തല്ലി ആ കുഞ്ഞ് കുഴഞ്ഞ് വീണു.ഒരു ദീർഘനിശ്വാസത്താൽ ആ കുഞ്ഞ് ഹൃദയം നിലച്ചു. അവസാനത്തെ ആഗ്രഹമെന്നോണമാകണം ആ കുഞ്ഞ് അങ്ങനെ പറഞ്ഞത്.അവൾ ആ ആഗ്രഹം സാധിച്ചുവെന്ന് കരുതി സന്തോഷത്തോടെയല്ലെങ്കിലും അവളുടെ അച്ഛനോട് യാത്ര പറഞ്ഞു.*

*ഒന്നു പുഞ്ചിരിക്കാൻ പോലുമാകാതെ അയാൾ തളർന്നു നിന്നു.*



# സഖീ നീ വരിക

കവിത



അമിത
10 സി

വരണ്ടുണങ്ങിയ മണ്ണിന് ആർ-
ദ്രതയായിരുന്നു ആ മഴ.
തളിർത്ത ഇളം നാമ്പുകൾ-
ക്കു പുതു ജീവനേകി
കാഷ്ഠങ്ങളുമായി സൗഹൃ-
ദത്തിന്റെ അരുണിമ തീർത്തും
നിർത്താതെ പെയ്ത മഴയേ...
നീ എനിക്കായിരുന്നോ?
എൻ മൗനത്തിൽ ശബ്ദവും
ദേഷ്യത്തിൽ സ്നേഹവും
ദുഃഖത്തിൽ സന്തോഷവു-
മായി മാറിയ നീ എനിക്ക്
സമ്മാനിച്ച വിരഹദുഃഖം
അന്ന് നീ പെയ്തിറങ്ങു-
മ്പോൾ ഞാനെൻ കുടയുമായി....
അരികത്തണഞ്ഞൂ ബന്ധു-
മിത്രാതികളത്രയും ദുഃഖമായി



എഴുതാത്ത പുസ്തകത്താളിൽ
പറയാത്ത വാക്കുകളായി നീ
തകർത്താടുമാ വേദിയിൽ
നനഞ്ഞു കുതിർന്നു ഞാൻ....
ഒരു മൂലയിലപ്പോഴും എങ്ങുമെൻ
പ്രാണപ്രിയയെ ഓർത്തു വിതുമ്പി-
ഷിരിഞ്ഞ ഒരു കൊച്ചു കൂട്ടം
പിറുപിറുക്കുന്നു അകലെ നിന്നെവിടെയോ
അരുണനസ്തമിച്ചില്ല കനലാ-
ഴങ്ങൾ അണയാതൊരോർമയായി...
അപ്പോഴും ഞാൻ നനഞ്ഞാടി
നിൻ പർണശാലയിൽ....
കാക്കുന്നു ഞാനീ തിരിനാളം

*എൻ നീർത്തുള്ളി എണ്ണയായ്*
*ഭവിച്ചീടിന കവിൾത്തടം*
*തഴുകി തടയവേ*
*അപ്പോഴും തീർന്നില്ല നീ*
*സുന്ദരി വേദികളിൽ മിന്നിത്തിളങ്ങി.*
*കണ്ണനില്ലാത്ത ഗോകുല തന്നിൽ*
*നിൻ അന്തരാത്മാവാട്ടുമ്പോൾ*
*കേഴുന്നു ഞാൻ സഖി പാവന*
*യമുന തൻ തീരങ്ങളിൽ സ്മരണയായി.....*
*കണ്ണീരുപ്പു കലർന്നു,നീ ആഴിയിൽ*
*ചിരിക്കുവാൻ ഒരു ഗുരുനാഥനായി...*
*കരളിലെ തേങ്ങലിൽ ഒരു ഗ്രാമ-*
*വീഥികളിൽ ഒരലർച്ചയായി*
*അരികത്തണയൂ സഖീ...*
*ഹാ നിൻ കാൽ പാദം തൊഴുതോട്ടെ...*
*പ്രണയം പറയൂ സഖീ*
*നിന്നെ ഞാൻ പുണരട്ടെ*
*വരിക നീ നിൻ മൗനം*
*വെടിഞ്ഞീ പുഴയിൽ*
*വരിക നീ വിരഹം*
*വെടിഞ്ഞീ കടലിൽ*
*വരിക സഖീ പ്രാണ-*
*നിൽ ആദ്രയായി...*
*കനവായി നിനവായി....*
*കൗമാര യൗവ്വനമായി...*
*ആത്മാവിലീറനായി.*

വിഷയം:ആധുനിക കേരളത്തിലെ സ്ത്രീ അവസ്ഥ



# *സമത്വ സുന്ദര നവ ലോകം*

### *ഉപന്യാസം*

ആർഷഭാരത സംസ്കാരത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഇന്നത്തെ സ്ത്രീത്വം ലോകത്തിന് തന്നെ ഉദാത്ത മാതൃകയായി മാറിയിരിക്കുകയാണ്.പുരുഷന്റെ വാരിയെല്ലിൽ നിന്നു സൃഷ്ടിക്കപ്പെട്ടു എന്ന് പറയുന്ന സ്ത്രീകൾ ഒരു കാലം വരെ പുരുഷന്റെ ആഗ്രഹനിർവ്വതിക്കായുള്ള പാവകൾ മാത്രമായിരുന്നു.പുരുഷമേധാവിത്വത്തിന്റെ അങ്ങേ തലത്തിലായിരുന്നു ഒരു മുപ്പത് വർഷം മുമ്പ് ലോകം,കേരളം പ്രത്യേകിച്ച്.ജന്മിത്ത്വവ്യവസ്ഥയിലെ സ്ത്രീകളുടെ അവസ്ഥയും ഏറെ ദയനീയമായിരുന്നു.മാറ് മറയ്ക്കും വിധം വസ്ത്രം ധരിക്കാനോ,വിശക്കുന്ന കുഞ്ഞിന് പാല് നൽകാനോ പോലും സ്ത്രീകൾക്ക് അക്കാലത്ത് നിയന്ത്രണങ്ങളുണ്ടായിരുന്നു.
എന്നാൽ ഇന്നോ,അതിൽ നിന്നൊക്കെ മാറി ഇഷ്ടമുള്ള വസ്ത്രം ധരിച്ച് പുറത്തിറങ്ങാനും സ്വതന്ത്രയായി പറന്നു നടക്കാനും അവൾക്ക് കഴിയുന്നു.ഇതൊക്കെ സമത്വ സുന്ദര ലോകം സ്വപ്നം കണ്ട ഒരു പറ്റം സ്ത്രീകളുടെ കഠിനാധ്വാനത്തിന്റെ അവരുടെ തീക്ഷണതയുടെ ഫലമാണ്.
ജീവിതസുഖങ്ങളിൽ മുളുകി ജീവിക്കാൻഇന്ന് സ്ത്രീകൾക്ക് കഴിയുന്നു.പണ്ട് ഭർത്താവിന്റെ വീട്ടിൽ അടിമയായി കഴിഞ്ഞിരുന്ന സ്ത്രികൾ.ഇന്നത്തെ തലമുറയോ,സ്വന്തമായി ഒരു ജോലി സമ്പാദിച്ച് മാത്രമേ വിവാഹം കഴിക്കുന്നുള്ളു.ഭർത്താവിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന ചെറിയൊരു വീഴചപോലും അവർക്ക് അസാധാരണമാണ്.അതുകൊണ്ടുതന്നെ വിവാഹ മോചനക്കേസുകളുടെ നിര ഇന്ന് കൂടിക്കൂടിവരികയാണ്.
രണ്ടുപേർക്കും ജോലിയുണ്ട്,രണ്ടുപേരും അധ്വാനിച്ച് ഫലം വാങ്ങുന്നു.എന്നിട്ടും സ്ത്രീ പുരുഷന് അടിമ ,ഭാര്യ ഭർത്താവിന്റെ ചൊൽപ്പടിയിൽ.അത് പഴയകാലം.കാലം മാറി, ഇപ്പോൾ രണ്ടുപേർക്കും തുല്യസ്വതന്ത്ര്യം.പക്ഷേ എന്തുകൊണ്ട് ഇന്ന് സ്ത്രീപീഢനങ്ങൾ കൂടിവരുന്നു?അമിതസ്വാതന്ത്ര്യം സ്ത്രീകളെ ദുഷ്യതയിലേക്ക് നയിക്കുന്നുവോ?കേരള സ്ത്രീകളെക്കുറിച്ചോർക്കുമ്പോൾ പണ്ട് കുളിച്ച് നല്ല സാരിയും ഉടുത്ത് കുളഭവും തൊട്ടുനിൽ ക്കുന്നവൾ.എന്നാൽ ഇന്നോ, ലെഗിൻസും കുർത്തയും എന്നു വേണ്ട പാശ്ചാത്യസംസ്കാരങ്ങളുടെ പ്രദർശനമാണ്.മറ്റുള്ളവരെ കാണിക്കനുള്ളതല്ല വസ്ത്ര ധാരണം എന്ന് ഉറപ്പിച്ചു പറയാൻ കഴിയുന്ന എത്ര പേരുണ്ടാകും ആ കൂട്ടത്തിൽ?അങ്ങനെ സ്ത്രി

സ്വയം ഒരു പ്രദർശന വസ്തുവായി മാറിയിരിക്കുകയാണ്.അന്ന് ശരീരം പൂർണമായി മറയ്ക്കാൻ അവകാശമില്ലാത്ത സ്ത്രീ ഇന്ന് മനപൂർവ്വം സ്വന്തം ശരീരം മറ്റുള്ളവർക്ക് കാഴ്ചയ്ക്ക് വയ്ക്കുന്നു.ഇതിൽ പ്രകോപിതമായാണ് ഒരോ പീഢനവും നടക്കുന്നതെന്നും ഉറപ്പ്.ഇത്രയുമൊക്കെ
ആവുമ്പോൾ നേരത്തേയുള്ള ജന്മിവ്യവസ്ഥയും നല്ലതെന്നല്ല അർഥം.അമിത സ്വാതന്ത്ര്യം സ്ത്രീയെ ഏറെ മാറ്റിയിരിക്കുന്നു.നാടോടുമ്പോൾ നാം നടുവെ ഓടണം എന്നത് ശരി തന്നെ.പക്ഷെ,അത് സ്വന്തം സംസ്കാരത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടാവരുതെന്നു മാത്രം.

"ഏത് ധൂസരസങ്കൽപങ്ങളിൽ വളർന്നാലും ഏത് യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻ വിശുദ്ധിയും മണവും മമതയും ഇത്തിരി കൊന്നപ്പൂവും"

എന്ന ഒ എൻ വി യുടെ കവിതയും അതേ അർഥത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്.

റെയിൽവേസ്റ്റേഷനുകളും,പൊതുനിരത്തുകളും ഇന്ന് സ്ത്രീകൾക്ക് പേടിസ്വപ്നമായി മാറിയിരിക്കുകയാണ്.എത്ര തന്നെ മാറ്റം സംഭവിച്ചുവെന്ന് പറഞ്ഞാലും ഇക്കാര്യത്തിൽ ചർച്ച ചെയ്ത് ജയിക്കാൻ ആർക്കും സാധ്യമല്ല.പത്ത്മണിക്ക് ശേഷം സ്ത്രീകൾക്ക് പൊതുനിരത്തിലേക്ക് പ്രവേശനമില്ല.ഇതിന് വേണ്ടിയായിരുന്നോ നാം ഈ സ്വാതന്ത്ര്യങ്ങളൊക്കെയും നേടിയെടുത്തത്?ആധുനിക സ്ത്രീത്വത്തിൻെറ ഈ അവസ്ഥയും ഇവിടെ സുപ്രസക്തമാണ്.ഇതിന് കടുത്ത ശിക്ഷയാണ് പോംവഴി.

ഈയിടയ്ക്ക് പത്രത്തിൽ വാർത്തായായ ഒരു സംഭവമാണ് റെയിൽവേസ്റ്റേഷനിൽ ശരീരം തനിക്കു മുമ്പിൽ പ്രദർശിപ്പിക്കാൻ ശ്രമിച്ച ഒരു മധ്യവയസ്കനെ യുവതി അടിച്ചത്.ഈ സംഭവം പക്ഷേ വിരളം.പുരുഷൻെറ കരുത്തിന് മുന്നിൽ അടിപതറി വീഴുന്ന സ്ത്രീകളാണേറെ.

"യത്രനാര്യസ്തുപൂജിതേ
രമന്തേ തത്രദേവത"

എന്ന സംസ്കൃത പദ്യവും നാം ഓർക്കണം.എവിടെ സ്ത്രീ പൂജിക്കപ്പെടുന്നുവോ അവിടെ ദേവത രമിക്കുന്നു എന്നാണ് പ്രസ്തുത വരികളുടെ അർഥം.പൂജിച്ചില്ലെങ്കിലും നശിപ്പിക്കാതിരുന്നാൽ മതി എന്ന ആഗ്രഹമാണ് പക്ഷേ സ്ത്രീകൾക്ക്. ഒരു നാണയത്തിന് ഇരുവശം ഉണ്ട് എന്നതു പോലെ ആധുനിക സ്ത്രീകൾക്കും രണ്ട് ഇനിയുള്ള തലമുറയുടെ മുദ്രാവാക്യം.***അതിന് നമുക്ക് സാധിക്കട്ടെ........***

# Social Relevence Of Reading

**Ajanya V**
**10 B**



*Reading has an important role in our life. Human being get more knowledge while reading. From the pre-historic man to modern man we can see a progressive development in every sector of human. How it happen? It happen threw knowledge. Knowledge impact or transfered every one by reading so reading has an important role in our life.*


*While reading books we can relax from every problems. More over we can earn the knowledge about different place and the people who was living there .Years ago people got nothing to read. A man named P N Panikkar made many libraries all over Kerala. He travelled to and from our stateand gave books to all. The people read several books given by P N Panikkar. He is the founder of library in Kerala. So e respectfully remember his death day as "vayanadhinam". Reading can change a man's behaviour culture etc. Reading will make a ful man. We only complete our life successfully by reading. Like Kunhunni mash said "vayichalum valarum vayichillenkilum valarum vayichu valarannal vilayum vayikkathe valarnnal valayum".*

*In the present world people spend little time to read. They are spending their time with social medias. Those people can't enjoy the happiness while reading. Some book can change somebody.*

*Book has a great power to motivate man. In my life I read the book Adujeevitham By Benyaman. It motivated me a lot .I can earn the knowledge about the human life in desert. How much difficulties they face .I enjoy the happiness of reading by reading this book I coudn't understand the pitiful life in desert by reading books we can understand the things that was happening never surroundings. Some people didn't read anything. I think that they are wasting their life how many dread ful and humourous things are happeningin all surroundings. If didn't read a news paper we cannoy understood the seriousness of the things. In malayalam literature several writers has written the good and bad things happening in the world. They write the pityful human lives and the dreads they are facing.their life is more pity that we heard even we think. We can know their life by reading this books. Reading can change a disappointedman to happy man. It canremove the darknessof human life and can filled it with virtue*

*Reading make a man's life success. But Our new generation did not measure the importance of reading. They use only social medias. But they did n't*

*understood the effects of it.reading did not make anydamage to our health. Besides it gives us a lot of knowledge. So read everything you get.* It will a valuable future to us. So read and read and make your life meaningful.



***അശ്വിൻ കൃഷ്ണ***

***6 എ***





***ശ്രീനന്ദ കെ***

***7 ബി***






Sreenanda.K
VII-B

***ആസ്വാദനക്കുറിപ്പ് സൗന്ദര്യ ലഹരി***



# പ്രകൃതി ഒരു ലഹരി

**അഭിജിത്ത് എൻ**

9 B

രമണനിലൂടെ വന്ന് മലയാളികളുടെ മനം കവർന്ന മലയാളത്തിൻെറ പ്രിയ കവി ചങ്ങമ്പുഴയുടെ ബാഷ്പാഞ്ജലി എന്ന കൃതിയിൽ പ്രകൃതിയിലെ മനോഹരവസ്തുക്കളെ വർണിച്ചെഴുതിയ കവിതയാണ് സൗന്ദര്യ ലഹരി.ഭ്രമി എന്ന വലിയ ഗോളത്തെ മനോഹരമായ ആർട്ട്ഗ്യാലറിയായി കവി മാറ്റുന്നു.പ്രകൃതിയിലെ ഏറ്റവും ഭംഗിയേറിയ കാഴ്ചകളായ സൂര്യാസ്തമയത്തെ പനിനീർപ്പൂന്തോട്ടങ്ങളെയും പുലരി സിന്ദൂരപൂരം പൂശി പൂവിനെ ചിരിപ്പിച്ച് വന്നെത്തുന്നുവെന്നും നക്ഷത്രങ്ങൾ നിറഞ്ഞ സന്ധ്യയെ മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊണ്ട് ഉല്ലാസഭരിതയായി എത്തുന്നുവെന്നും രാത്രി വാനിൽ ഉല്ലസിച്ച് പൂനിലാവിങ്കൽ കുളിച്ചെത്തുന്നുവെന്നും ഇളംകാറ്റിനെ കുളിർത്ത മണിതെന്നലായും കാട്ടുരുവിയെയും തേനീച്ചകളെയും വള്ളികളെയും കാണുമ്പോൾ നർത്തകരായും കവി വർണിക്കുന്നു.ഈ സൗന്ദര്യമാണ് നമ്മെ വെറുപ്പിക്കാതിരിക്കാൻ സഹായിക്കുന്നുവന്നും മാത്രമല്ല ഇവ നമ്മുടെ ജീവിതത്തെ മധുരിപ്പിക്കുന്നു എന്നും കവി പറയുന്നു.ഇത് യാഥാർത്ഥ്യം തന്നെയാണ്.ഇത് നമ്മൾ എത്ര  നാളായി കാണുന്നു.പക്ഷേ അതിൻെറ സൗന്ദര്യം ഒരിക്കലും കുറയുന്നില്ല.അതാണ് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അമൂല്യ ബന്ധം.മനോഹരമായ ഭാഷാ പ്രവാഹമാണ് ചങ്ങമ്പുഴ കവിതകളുടെ പ്രത്യേക ആകർഷണം.പ്രാസഭംഗി ഈ കവിതയെ സുന്ദരമാക്കുന്നു.വാങ്മയ ചിത്രങ്ങളേക്കാൾ ചായം തേച്ച വർണനകൾ കൊണ്ട് സമൃദ്ധമാണ് ഈ കവിത.

ഈ കവിത വായിക്കുമ്പോൾ എനിക്ക് ഓർമ വരുന്നത് ചങ്ങമ്പുഴ തന്നെ അതിമനോഹരമായി പ്രകൃതിയെ

വർണിച്ചെഴുതിയ മലയാളനാടേ നിൻ മാറിലോരോ എന്ന കവിതയാണ്.ഈ

കവിതയിലും പ്രകൃതിയെ സൗന്ദര്യമായി വർണിച്ചെഴുതുന്നു.ഈ കവിതയ്ക്ക്

ഇന്നത്തെ ആധുനിക ലോകവുമായി വലിയ പ്രസക്തിയുണ്ട്.

നമ്മുടെ ജീവിതത്തെ വ്യക്കാതിരിക്കാൻ നമ്മെ സഹായിക്കുന്ന ഓരോ പ്രകൃതി പ്രതിഭാസങ്ങളെയും നാം

ഓരോന്നോരോന്നായി ഇല്ലാതാക്കുന്നു.ഈ പ്രകൃതി പ്രതിഭാസങ്ങളാണ് നമ്മുടെ

ജീവിതത്തെ മധുരിപ്പിച്ചീടുന്നത്.അവയെ ഇല്ലാതാക്കുമ്പോൾ മനുഷ്യർ

അവരെതന്നെ ഇല്ലാതാക്കുന്നു.മദ്യത്തിനും ലഹരിക്കും മറ്റുമല്ല അടിമയാകേണ്ടത്

പകരം പ്രകൃതിയെ ഒരു ലഹരിയായി മാറ്റേണ്ടതുണ്ട്.ഓരോ മനുഷ്യനും ചിന്തിക്കണം അക്രമം ഒന്നിനും പരിഹാരമല്ല സംരക്ഷണമാണ് ഏക

ആശ്രയം.ഇത് ഓരോ മനുഷ്യനും പിന്തുടർന്നാൽ ഭൂമിയിലെ പ്രകൃതി എന്ന

സൗന്ദര്യറാണിക്ക് സൗന്ദര്യം കൂട്ടുതലാണ്.



നീലിമ ബി

8 ബി





# എന്റെ ഒരു ദിവസം



*വിസ്മയ എസ്*

2 എ

*ഞാൻ രാവിലെ 6.30 ന് എഴുന്നേറ്റു.ഇന്നത്തെ ദിവസം നല്ലതാണ് എന്ന് വിശ്വസിച്ചു.ഇന്നാണ് ക്രിസ്മസ്. ഞാൻ വേഗം പ്രഭാത കൃത്യങ്ങൾ ചെയ്തു.ഞാനും എന്റെ ചേട്ടനും ചേച്ചിയും അനിയനും കൂടി പുൽക്കൂടുണ്ടാക്കാൻ തീരുമാനിച്ചു.നമ്മൾ പുല്ല് പറിച്ചു.അങ്ങനെ പുൽ ക്കൂടുണ്ടാക്കി.നല്ല രസമുണ്ടായിരുന്നു.സന്ധ്യയായ്,കുളിച്ചു.സന്ധ്യാനാമം ജപിച്ചു.പുൽക്കൂടിനകത്ത് തിളങ്ങുന്ന ലൈറ്റും മിന്നുന്ന സ്റ്റാറും ഭംഗിയുള്ള യേശുവും ഉണ്ടായിരുന്നു.അവിടെവച്ച് കേക്ക് കട്ട് ചെയ്തു.9 മണിക്ക് ഉറങ്ങി.*

നമ്മുട ജീവിതമെന്നത് നമ്മുടെ മനസിന്റെ സൃഷ്ടിയാണ്.


-ശ്രീബുദ്ധൻ-

## നന്ദിത എൽ ആർ

## 6 എ






നന്ദിത.എൽ.ആർ 6-A

വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ്.എന്നാൽ ഓരോ ബ്ലാക്ക
ബോർഡുകളുമാണ് വിദ്യാർഥിയുടെ ജീവിതം ശോഭനമാക്കുന്നത്.


-എ പി ജെ അബ്ദുൾകലാം

തയ്യാറെടുപ്പാണ് വിജയത്തിന്റെ
ആണിക്കല്ല്


-സെർവാന്റെസ്-

**മൃദുൽ ചന്ദ്രൻ യു വി**
**9 എ**








13/9/2019

# മൂന്നാം വർഷവും വിജയത്തിളക്കത്തിൽ നന്മ

ഐശ്വര്യ സി വി
9 സി



തുടർച്ചയായി മൂന്നാം വർഷവും മാതൃഭൂമി,വി കെ സി നന്മ ക്ലബ്ബിന്റെ മികച്ച നന്മ വിദ്യാലയത്തിനുള്ള അവാർഡ് GVHSS ' മടിക്കൈ II കരസ്ഥമാക്കി. 2016-17 വർഷത്തെ കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിലെ മികച്ച നന്മ വിദ്യാലയങ്ങൾക്കുള്ള രണ്ടാം സ്ഥാനം ഞങ്ങൾക്കായിരുന്നു. രണ്ടാം വർഷവും (2017-18)അതേ വിജയം ഞങ്ങൾ കൊയ്തെടുത്തു.മൂന്നാംവർഷം കാസർകോഡ്ജില്ലയിൽ ഒന്നാംസ്ഥാനത്തെത്താൻ ഞങ്ങൾക്ക് കഴിഞ്ഞു

ജൈവ പച്ചക്കറി കൃഷി, മലപ്പച്ചേരി പുനരധിവാസ കേന്ദ്രസന്ദർശനം, പുതപ്പ് വിതരണം, സഹപാഠിക്കൊരു കൈത്താങ്ങാകാൻ വികാസ് നിധി.... അങ്ങനെ നന്മ നിറഞ്ഞ പല പ്രവർത്തനങ്ങളുടെയും ഫലമായിരുന്നു ഞങ്ങളുടെ വിജയം.
'

കൂടാതെ, സ്കൂളിലെ നന്മ കോ-ഓർഡിനേറ്ററായ ഗീത ടീച്ചർക്ക് കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിലെ മികച്ച നന്മ ടീച്ചർ കോ-ഓർഡിനേറ്ററിനുള്ള അവാർഡ് ലഭിച്ചിരുന്നു. ടീച്ചർ ആ അവാർഡ് വാങ്ങുമ്പോൾ ഞങ്ങൾക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവാത്തതാണ്. കാരണം ഞങ്ങളുടെ മനസിലെ കൊച്ചു നന്മകളെ വളർത്തി വലുതാക്കിയ ടീച്ചർ ആദരിക്കപ്പെടുന്നത് കുട്ടികൾക്ക് വലിയ കാര്യമാണ്. സ്കൂളിലെ നന്മ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുന്നത് ടീച്ചറാണ്. മാലിന്യ നിർമാർജനം, പ്ലാസ്റ്റിക്ക് നിർമാർജനം, പുനരുപയോഗ വസ്തുക്കൾ ശേഖരിക്കൽ, തുടങ്ങിയ പരിസ്ഥിതി സൗഹാർദ പ്രവർത്തനങ്ങളെല്ലാം നടക്കുന്നത് നന്മയുടെ നേതൃത്വത്തിലാണ്. കലോത്സവ പ്രതിഭകളെ സ്വാഗതം ചെയ്യാൻ തുണികൊണ്ടുണ്ടാക്കിയ ബാനർ, സ്പോർട്സ് ദിനത്തിൽ വെയിലത്ത് നിന്ന്

**പൊരിയുന്നവർക്ക് മോരു വെള്ളം നൽകൽ ഇങ്ങനെ നീളുന്ന നന്മ പ്രവർത്തനങ്ങൾ ഇനിയും തുടരും...... ഞങ്ങളുടെ മനസിലെ നന്മകൾ വളർന്നു കൊണ്ടേയിരിക്കും.....**

## വിവിധ വർഷങ്ങളിലെ മികച്ച വിദ്യാലയത്തിനുള്ള പുരസ്കാരം ഏറ്റുവാങ്ങൽ ചടങ്ങ്







## കലോത്സവ ലഹരിയിൽ മടിക്കൈ

*60–ാമത് ഉപജില്ലാകലോത്സവം മടിക്കൈയുടെ മണ്ണിലെത്തിയപ്പോൾ നാട് ഉത്സവലഹരിയിലായി.*
*വളരെ ആശങ്കയോടെ ഏറ്റെടുത്ത ഉപജില്ലാ കലോത്സവം സംഘാടന മികവിൽ ഒന്നാമതെത്തി. നാടും നാട്ടുകാരും അധ്യാപകരുംരക്ഷിതാക്കളും ഞങ്ങളും കൈകോർത്തപ്പോൾ മടിക്കൈ ഗ്രാമത്തിന്റെ തന്നെ ഉത്സവമായി ഇത് മാറി. നമ്മുടെ കുട്ടുകാർക്കും മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിഞ്ഞു.നാടൻ പാട്ട്. മോണോ ആക്ട്, ഹിന്ദി കഥാ രചന എന്നിവയിൽ സംസ്ഥാന തലത്തിൽ വിജയം കൊയ്യാൻ നമ്മുടെ കുട്ടുകാർക്ക് കഴിഞ്ഞു.*




**സംസ്ഥാനകലോത്സവപ്രതിഭകൾ ഹെഡ്മാസ്റ്ററോടൊപ്പം**

# സ്കൂളിന്റെ ആദരം ഏറ്റുവാങ്ങി



## സംസ്ഥാനപ്രതിഭകൾ

**ദേവീകൃഷ്ണ.പി,ആദിത്യനന്ദ.വി,ദേവിക.എം വി,ഗോപികാഗോപാൽ,ഐശ്വര്യ സി വി,അജന്യ വി,അമൃത കെ,മാളവിക കെ,ഗോപിക പി,ഹരിനന്ദ് രാജ് എം,അർജ്ജുൻ ടി വി,ആദിത്യൻ കെ**

# Rain of Love

**Amrutha K**
**10 A**



*It was a rainy day. she was walking fastly; really she was running. Rain falls like silver threads from the heaven. Raindrops touched her cheeks."Rani........"*

*she turned back, it was Latha; Rani's best friend.*

*"Latha, Why are you late?"*

*"Sorry da I take some time to prepare"*

*Both of them had no umbrellas and they were different familes. Rani was born in a poor family. Latha was in a rich family. But in their friendship there no bundles or any difference between them.*

*"Latha, Why don't you take your umbrella?"*

*"Oh, I forgot to take it"*

*Rani had only one uniform. She used daily that one and it became very old. She had no umbrella, no house. She and her family lived in a small hut. Almost days she went school with wet clothes.*

*Next day was Rani's birth day. She never celebrated her birth day before. Latha and Rani went to school as daily. At the middle of the way Latha took packet, from her bag, Rani asked:*


*"What is it Latha?"*

*"It is a gift for you"*

*"Gift!"*

*Latha gave that packet for Rani. Rani was in a great excitement. She opened it. It was a pair of uniform and a beautiful umbrella. Rani became very happy .Tears fell down from her eyes. It was a rain of pleasure. They wet that rain; The rain of love*

## സംഗീത് കുമാർ പി കെ , 9 സി






നിങ്ങൾക്ക് ചെയ്യാൻ കഴിയില്ലെന്ന് മറ്റുള്ളവർ പറയുന്ന കാര്യം

ചെയ്യുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം

-വാട്ടർ ബെയ്ഗ്ഹോട്ട്-

# അപ്പുവിന്റെ സങ്കടം



അനുശ്രീ വി

6 ബി

അപ്പു ഒരു ഗ്രാമത്തിലാണ് താമസം.അവന്റെ കൂടെ അമ്മയും അച്ഛനും അമ്മമ്മയുമാണ് ഉള്ളത്.അവർ സന്തോഷത്തോടെ ജീവിച്ചു.എന്നാൽ കുറേ നാൾ കഴിഞ്ഞ് അവന്റെ അമ്മ ഒരു പെൺകുഞ്ഞിന് ജന്മം നല്കി.അവൻ കുഞ്ഞനിയത്തിയോടൊപ്പം കളിച്ചു കൊണ്ടിരുന്നു.അവളുടെ ജനനത്തിനു



ശേഷം ആരും തന്നെ അവനെ ഇഷ്ടപ്പെട്ടില്ല.അവനെ ദിവസവും പണിയെടുപ്പിക്കും.മൂന്നു നേരവും ഭക്ഷണവും കൊടുക്കില്ല.അവന് വല്ലാത്ത സങ്കടമായി.അവൻ ദുഃഖിച്ചു കൊണ്ടിരുന്നു.ഒരു ദിവസം അവനെ കൂട്ടാതെ എല്ലാവരും അമ്പലത്തിൽ പോയി.അവനെ കൂട്ടാത്തതിൽ അവന് വല്ലാത്ത സങ്കടമായി.കിട്ടിയ അവസരത്തിൽ അവൻ എന്നെന്നേക്കുമായി വീടുവിട്ടു പോയി.അവൻ നടന്ന് നടന്ന് കാട്ടിലെത്തി.അപ്പോഴേക്കും രാത്രിയായി.അവൻ അവിടെയുള്ള വാഴയിൽ നിന്ന് വിശപ്പടക്കാനായി രണ്ട് പഴങ്ങൾ പറിച്ച് കഴിച്ചു.കുറേ നടന്ന ശേഷം അവൻ ഒരു ഗുഹ കണ്ടു.ആ ഗുഹയിൽ കിടക്കാം എന്ന് അവൻ വിചാരിച്ചു.അവൻ അവിടെയുള്ള പാറയിൽ ചാരിക്കിടന്നു.തന്റെ കുടുംബത്തെ ആലോചിച്ചു.കുറേ കഴിഞ്ഞ് അവൻ ഉറങ്ങി.അവൻ ഒരു സ്വപ്നം കണ്ടു.അവനെ കാണാതെ അവന്റെ കുടുംബത്തിലുള്ള എല്ലാവരും വിഷമിച്ച് കരയുന്നു.അനിയത്തി ഒന്നും കഴിക്കുന്നില്ല. അവൻ ഞെട്ടിയുണർന്നു.നേരം പുലർന്നില്ല.അവൻ കണ്ണടക്കുന്തോറും അത് കണ്ടു കൊണ്ടേയിരുന്നു.അവൻ അന്ന് ഉറങ്ങിയില്ല.നേരം പുലർന്നതോടെ ഓടിച്ചെന്ന് അവൻ വീട്ടിലെത്തി.അവൻ വന്നതോടെ എല്ലാവർക്കും സന്തോ,മായി.പിന്നെ ഒരിക്കലും അവർ അവനെ ഒന്നും ചെയ്തില്ല.അവർ സന്തോഷത്തോടെ ജീവിച്ചു.

# സൗന്ദര്യ കന്യക

അഫ്സൽ എ
9 സി



അമ്പരത്തുനിന്നത്ഭുതമായിന്ന്
താഴേക്ക് പെയ്തിറങ്ങും
സുന്ദരി നിൻ സൗന്ദര്യം
കന്യകയ്ക്കു സമം
സർവദാഹശമനിയായ ദേവതേ
സർവ നേരം ആശ്രയിപ്പൂ ഞാൻ
നിൻ കരങ്ങളിൽ മയങ്ങീടുവാൻ
ബാല്യരുടെ മനം കവരുന്ന കന്യകേ
തരുക്കളെ തലോടുന്ന കുസുമമേ
നീയാണ് പ്രകൃത്യാമ്പയുടെ അഴകിലൊരാൾ
പ്രകൃതിമാതാവിന്റെ മാലാഖമാരിൽ
ഒരാളാണു നീ നിൻ സൗന്ദര്യത്തിൻ
മുന്നിൽ കൈകൂപ്പുന്നു ഞാൻ
ജാലകത്തിൻ അഴകിലൂടെ
കാണുന്നതും നിൻ മുഖം
മേൽക്കൂരയിൽ മദ്ദളം കൊട്ടുമ്പോഴും
നിൻ മുഖം
പ്രകൃത്യാമ്പ നൽകിയ സൗഭാഗ്യമാണ്
നിൻ മുഖം
നീയാണ്, സുന്ദരികളിലെ രാജകുമാരി
പ്രകൃതി സൗന്ദര്യങ്ങളിലെ രാജ്ഞിയാണു നീ
നിൻ തുള്ളികളെ സ്നേഹിപ്പൂ
ഞാൻ ആദരിപ്പൂ



നവകേരള നിർമിതിയിൽ കുട്ടികളുടെ പങ്കാളിത്തം



# നവകേരളം കുട്ടികളുടെ കണ്ണിലൂടെ...

**രേവതി വി വി**

**10 സി**

പ്രകൃതി മാതാവിൻെറ രോഷാകുലമായ താണ്ഡവനൃത്തത്തിനു ഇന്ന് നാം കേരളീയർ അടുത്തടുത്ത രണ്ട് വർഷങ്ങളിൽ നേർസാക്ഷികളാണ്.ഒന്നിനു പിറകെ അതിനേക്കാൾ തീവ്രതയിൽ ഒരു മഹാപ്രളയം കൂടി കേരളത്തെ ഉന്മൂലനം ചെയ്തിരിക്കുന്നു.ഒരു മഹാപ്രളയ ഭീതിയിൽ നിന്നും ചെറിയതോതിൽ മാറി തൻെറ ജീവിത സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ പഠിച്ച കേരളീയരെ വീണ്ടും അവയെല്ലാം തകർത്ത് നാമാവശേഷമാക്കിത്തീർക്കുന്ന തരത്തിൽ ഒരു മഹാപ്രളയം കൂടി വിഴുങ്ങിയിരിക്കുന്നു.ഈ സമയത്ത് നവകേരളം സൃഷ്ടിക്കുക എന്നത് കേരളജനതയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതും അതോടൊപ്പം ബുദ്ധിമുട്ടുകൾ നിറഞ്ഞതുമായ ഒരു കാര്യമാണ്.

കുറ്റൻമരങ്ങളാലും കുറ്റിച്ചെടികളാലും നിറഞ്ഞ കുന്നുകൾ ഒരു ദ്രുസരനിമിഷത്തിൽ ഒന്നുമില്ലാതെ ഒരു കുന്നിൻശിഖരം പോലും കാണാതെയാവുമ്പോൾ അവിടെ പിന്നീട് പുതുമരങ്ങൾ വെച്ച് പണ്ടത്തെപ്പോലെ ജന്തുവാസയോഗ്യമാക്കാനും കുടുംബത്തോടൊപ്പം അന്നന്നു കിട്ടുന്ന വരുമാനത്താൽ ഉണ്ടാക്കിയ കൊച്ചുവീട്ടിൽ സന്തോഷത്തോടു കഴിയുമ്പോൾ
പെട്ടെന്ന് മഹാമാരിയിൽ ആ വീട് നശിക്കുമ്പോൾ അതേ പോലൊരു സൗകര്യങ്ങൾ നിറഞ്ഞ
ചെറുവീട് വീണ്ടും കെട്ടിപ്പടുത്താനും ഇതേ പോലെ നശിച്ച എല്ലാ സംഭവങ്ങളും പണ്ടെത്തതുപോലെ വാർത്തെടുക്കാനും നമുക്ക് ചെറിയ സമയം പോരാ.ഒരുപാടു പേരുടെ ഒരുപാടുകാലത്തെ പണികളും സമയവും അധ്വാനിക്കാനുള്ള മനസ്സുമുണ്ടെങ്കിൽ മാത്രമേ നമുക്ക് പണ്ടത്തെപ്പോലെ സുഖസൗകര്യങ്ങൾ നിറഞ്ഞ കേരളത്തെ വീണ്ടും ഉയർത്തെഴുന്നേൽപ്പിക്കാൻ സാധിക്കുകയുള്ളൂ.ഈ നവകേരള നിർമാണ പ്രക്രിയയിൽ കേരളീയർ ഒന്നടങ്കം ഒരേ മനസ്സോടു കൂടി പ്രയത്നിച്ചാൽ മാത്രമേ നമുക്ക് നമ്മുടെ കേരളമാതാവിനു അമ്മുതനുകരുന്ന സന്തോഷം നൽകാൻ കഴിയുകയുള്ളൂ.

നവകേരള നിർമ്മിതിയിൽ കുട്ടികൾക്കുള്ള പങ്ക് വളരെയേറെ വലുതാണ്.വിദ്യാലയത്തിൽ നിന്നും കേരളചാരുതയെക്കുറിച്ച് വളരെ ആസ്വാദ്യകരമായ

രീതിയിൽ പഠിക്കുന്ന അവർക്ക് ഇന്നീ ഞരവിലൂടെ ഒഴുകുന്ന ചോര മാത്രം ജീവൻെറ തെളിവായി നിൽക്കുന്ന കേരളത്തെ വീണ്ടും പടുത്തുയർത്താനുതകുന്ന രീതിയിലുള്ള ഒരുപാട്
നിർദേശങ്ങൾ ഉരുവിടാനുണ്ടാവും.ചെറുതാണെന്നു കരുതി ആരും കുട്ടികളെ തള്ളിനിർത്തരുത്.

നമുക്കൊന്നു ചിന്തിച്ചുനോക്കാം,കുട്ടികൾക്കെന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് പ്രളയാനന്തരം കുന്നിലെ ചെമ്മണ്ണൊഴുകി വന്ന ചെളിവെള്ളം പുതച്ച നാടിനെയും വീടിനെയും
ശുചീകരിച്ച് മോടിപിടിപ്പിക്കുന്ന പ്രവർത്തനത്തിൽ കുട്ടികളും പങ്കാളികളാകണം."അണ്ണാൻ കുഞ്ഞിനും തന്നാലായത് "എന്നു പറയുന്നതു പോലെ കുട്ടികളും ശുചീകരണ പ്രവർത്തനത്തിൻെറ ഒരു ഭാഗമാകണം. നവകേരള നിർമിതിക്കായുള്ള ഒരുപാട് വ്യത്യസ്തമായ
നിർദേശങ്ങൾ കുട്ടികൾ മുതിർന്നവരിലേക്ക് എത്തിക്കേണം.എങ്ങനെയൊക്കെ ഭൂപ്രകൃതി ഒരുക്കിയാൽ മണ്ണൊലിപ്പു തടയാം, ഓരോ പ്രദേശങ്ങളിലും ഏതൊക്കെ തരത്തിലുള്ള മരങ്ങൾ
വെയ്ക്കാം കെട്ടിടങ്ങൾ നിർമിക്കാം എന്നതിനെയൊക്കെ കുറിച്ച് കുട്ടികൾക്ക് അവരുടെ പാഠഭാഗങ്ങളിൽ നിന്നും കിട്ടിയ അറിവുണ്ടാകും.ഓരോ നിർമാണ പ്രവൃത്തികൾ നടക്കുമ്പോഴും
കുട്ടികളുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ജനങ്ങളിലേക്കും അധികാരികളിലേക്കും എത്തിക്കണം.കുട്ടികളുടെ വാക്കുകൾ ഭൂരിഭാഗം പേരും തള്ളിക്കളയുമെങ്കിലും ഇതേ കുറിച്ച് ധാരണയുള്ളവർ അതുൾക്കൊണ്ട് പ്രവർത്തിക്കും.

വീടും സ്വത്തുവകകളുമെല്ലാം നഷ്ടപ്പെട്ട് മലവെള്ളത്തിൽപ്പെട്ട തൻെറ ആരോമലാളുകളെയോർത്ത്  സങ്കടപ്പെടുന്ന ഒരുപാട് മുഖങ്ങൾ ദുരിതാശ്വാസ ക്യാമ്പിൽ നമുക്ക്  കാണാം.ഒരു ചെറുവാക്കുപോലും ഉരിയാടാനാവാതെ, ചിലപ്പോൾ പൊട്ടിക്കരഞ്ഞു സങ്കടം തീർക്കുന്ന അവർക്കിടയിൽ ചെന്നു അവരെ കൂടുതൽ വേദനിപ്പിക്കാതെ രീതിയിലുള്ള
വാക്കുകൾ കുട്ടികൾക്ക് പറയാൻ കഴിയണം.സംസാരിക്കുന്ന സമയത്തെങ്കിലും അവർക്കു തെല്ലാശ്വാസം നൽകുന്നതായിരിക്കണം. കേരളത്തിലെ പതിന്നാല് ജില്ലകളിലുമുള്ള കുട്ടികൾ
ഓരോ ജില്ലയിലും ഒരു നേതാവിനെ നിർത്തണം.നമ്മൾ മിഠായിയും മറ്റാവശ്യ സാധനങ്ങളും
വാങ്ങാനുപയോഗിക്കുന്ന പണം സ്വരുക്കൂട്ടി വെച്ച് ഓരോ നേതാവിനെയും ഏൽപ്പിച്ച് അവർ അത് ഭരണാധികാരികൾക്ക് നൽകണം.ഇങ്ങനെ കുന്നോളം കിട്ടില്ലെങ്കിലും ഒരു

കുന്നിക്കുരുവോളമെങ്കിലും പണം നമുക്ക് കിട്ടും.ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെ തങ്ങളുടെ ആശയങ്ങൾ പരമാവധി ആൾക്കാരിലേക്ക പങ്ക് വെക്കാൻ കുട്ടികൾ ശ്രമിക്കണം. ചിലരെങ്കിലും ഇതിലൂന്നി പ്രവർത്തിക്കണം.വിദ്യാലയങ്ങളൊന്നും നഷ്ടപ്പെടാത്ത കുട്ടികൾ എല്ലാം നഷ്ടപ്പെട്ട കുട്ടികൾക്ക് ഓരോരുത്തർക്കും കഴിയുന്ന രീതിയിലുള്ള പഠനോപകരണങ്ങൾ നൽകാൻ ശ്രമിക്കണം.ശ്രമിച്ചാൽ മാത്രം പോര നൽകേണം.ഇനിയുള്ള
ലോകം കുട്ടികളുടേതാണ്.കുട്ടികൾ ഒത്തുചേർന്ന് പ്രകൃതിയെ നശിപ്പിക്കുന്നവർക്കെതിരെ പ്രതിഷേധപ്രകടനങ്ങൾ സംഘടിപ്പിക്കേണം.നവകേരളം പടുത്തുയർത്താൻ നാം ശ്രമിക്കുമ്പോൾ കേരളചാരുതയെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നവനെ ഒറ്റക്കെട്ടായി നിന്ന് നാം എതിർക്കേണം.പ്രളയമാതാവിൻെറ താണ്ഡവനൃത്തത്തിൽ ചില അനാചാരങ്ങളുടെ പിറകെപിടിച്ചോടുന്ന മുത്തശ്ശൻമാരോടും മുത്തശ്ശിമാരോടും അവയൊന്നും നമുക്കിനി വേണ്ട നവകേരള നിർമിതി മാത്രമാണ് ലക്ഷ്യമെന്ന് പറഞ്ഞ് എല്ലാവരേയും ഈ സുകർമ്മത്തിലേക്ക് അണിചേരാൻ നിർബന്ധിക്കേണം.കുട്ടിയായി മാറിനിൽക്കാതെ മുതിർന്നവർ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും കുട്ടികളായ നമ്മൾ കൂടി വളരെ ഉന്മേഷത്തോടെ പങ്കാളികളാകണം.

ഒന്നുകൂടി പ്രകൃതിമാതാവിൻെറ താണ്ഡവനൃത്തത്തിനു സാക്ഷിയാവാൻ നമുക്ക് ഇനി കഴിയില്ല. ആ ദുരന്തത്തെ ഒന്നു കൂടി നമുക്ക് താങ്ങാൻ കഴിയില്ല.അണ്ണാൻ കുഞ്ഞിനും തന്നാലായതു പോലെ കുട്ടികളായ നമുക്ക് ഈ മഹാനിർമാണ പ്രക്രിയയിൽ പങ്കാളികളാവാം.

*ഒത്തൊരുമിക്കാം,ഒന്നോടെ,ഒരേമനസോടെ....*

പ്രാർത്ഥന കൊണ്ട് നിങ്ങൾക്ക് മഴപെയ്യിക്കാനോ വെള്ളപ്പൊക്കം തടയാനോ സാധിക്കില്ല.അതുപോലെ തന്നെയാണ് നിങ്ങളുടെ മറ്റെല്ലാ പ്രാർത്ഥനകളും

-സ്റ്റീഫ് അലൻ-

പട്ടം 2020



# കടങ്കഥകൾ

## വേദ വി വി ,3 ബി




*കയ്ക്കും പുളിക്കും കുടുകുടെ മധുരിക്കും
കണ്ണിമ്മേലുണ്ണി മാങ്ങ
-നെല്ലിക്ക
*മലയിലൊരു അമ്മയ്ക്ക് നെറുകയിൽ പൂവ്
-കൈതച്ചക്ക
*പുറം മുഴുവൻ മുള്ളുണ്ട് ചക്കയല്ല
ഉടച്ചാൽ വെളുത്തിരിക്കും തേങ്ങയല്ല
ആട്ടിയാൽ എണ്ണ കിട്ടും എള്ളുമല്ല
-ആവണക്കിൻകായ്
*ഉച്ചികുടുമനും പെരുവയറനും
നരയനും ചന്തക്കുപോയി
-കൈതച്ചക്ക
*ചില്ലക്കൊമ്പിൽ വെള്ളക്കുമിളകള്
-നെല്ലിക്ക
*ചെടിയിന്മേൽ കായ, കായിന്മേൽ ചെടി
-കൈതച്ചക്ക
*കുന്നിൻപുറത്തെ കോഴി, തലകീഴായി തൂങ്ങി
-കശുമാങ്ങ
*പച്ചപ്പുള്ള മുരിക്കാൻ പെട്ടി, പെട്ടിനിറച്ചും ചപ്പും ചവറും
ചപ്പിനകത്ത് നിറച്ച കുപ്പി, കുപ്പിയിലൊക്കെ ഒരേ ഗുളിക
-ചക്ക
*ചില്ലിക്കൊമ്പിൽ ഗരുഡൻ തൂക്കം
-കശുമാങ്ങ

അനാമിക ടി

4 എ






അനാമിക-ടി 4ാം തരം IV-A

# വടിയും വഴക്കുമില്ലാത്ത അധ്യാപകർ



നന്ദന എ

10 എ


പ്രശസ്ത കവയിത്രി ശ്രീ.സുഗതകുമാരിയുടെ മനോഹരമായ ഒരു കവിതയാണ് പുസ്തകങ്ങൾ.വികസനത്തിന്റേയും ആധുനികതയുടേയും ലോകത്തിൽ ശോഷിച്ചുവരുന്ന വായനക്കാരുടെ മൂല്യം ഉയർത്തിപ്പിടിച്ച് വായനക്കാരിൽ വായന എന്ന നന്മ നിറയ്ക്കുകയാണ് സുഗതകുമാരി ടീച്ചർ ഈ കവിതയിലൂടെ. ഇതിൽ കവയിത്രി പറയുന്നത് വായന പകരുന്ന അനുഭൂതി മഹത്തരമാണ്.ദുഃഖങ്ങൾ നിറഞ്ഞ നമ്മുടെ ജീവിതത്തിൽ പുസ്തകങ്ങൾ നമുക്ക് സന്തോഷം പകരുന്നു.സന്തോഷമായി  നാം ജീവിക്കുന്ന നിമിഷം വായന നമുക്ക് ഇരട്ടി മധുരംതരുന്നു. നമ്മുടെ അജ്ഞാനത്തെ വായനയിലൂടെ നമുക്ക് ജ്ഞാനമാക്കി തീർക്കാൻ കഴിയുന്നു.അങ്ങനെ നാം വായന ആരംഭിക്കുന്ന കാലം മുതൽ മരണം വരെ നമ്മുടെ നിരാശയേയും തളർച്ചയേയും വായന ഊതിപ്പറത്തുന്നു.മനുഷ്യനിൽ സ്നേഹം ഉടലെടുക്കുന്നതും ബന്ധങ്ങൾ പവിത്രമാകുന്നതിലും വായന സഹായിക്കുന്നു.അതിന് മികച്ചൊരുദാഹരണമാണ് തകഴിയുടെ കുട്ടനാടൻ കർഷകരുടെ ദുരിത ജീവിതം വിവരിക്കുന്ന രണ്ടിടങ്ങഴി.കവയിത്രി പറയുന്നു പുസ്തകങ്ങൾ ഈശ്വരന്മാരാണ് അതു നാം വായിക്കുന്നതും മറ്റുള്ളവരിലേക്ക് പകരുന്നതും പുണ്യമാണ്.

ഇവിടെ ആദ്യത്തെ വരികളിൽ ആവർത്തിച്ചുവരുന്ന ഖ കാരം കവിതയുടെ നല്ലൊരു  ആസ്വാദനാംശമാണ്.അവിടെ നമുക്ക് ദ്വിതീയക്ഷരപ്രാസം കാണാൻ കഴിയുന്നു.കൂടാതെ ഇതിൽ പരാമർശിക്കുന്ന ഇരുട്ട് നമ്മുടെ അറിവില്ലായ്മയെയാണ് സൂചിപ്പിക്കുന്നത്.മനസ്സിൻെറ ഇരുട്ട് എന്ന രീതിയിൽ ഇതിവിടെ പരാമർശിക്കുന്നത്.കൂടാതെ വെളിച്ചമെന്നു പറയുമ്പോൾ നമുക്ക് വായനയിലൂടെ

ലഭിക്കുന്ന ജ്ഞാനത്തെ സൂചിപ്പിക്കുന്നു.ഇവ കവിതയിലെ മികച്ച ഉപമകളാണ്.പുസ്തകങ്ങളെ പൂജിക്കു എന്നു പറയുന്നതിലൂടെ ഓരോ പുസ്തകത്തിൻെറയും മഹത്വമാണ് ചിത്രീകരിക്കപ്പെടുന്നത്.നന്നായി പഠിക്കുന്ന കുട്ടിക്കല്ലാ മറിച്ച്  മികച്ച വായനയുടെ ഉടമക്കാണ് ലോകത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.ഈ ലോകത്തിലെ പുസ്തകങ്ങളെല്ലാം നമുക്ക് യോജിച്ചവയാണ്.നല്ല കാര്യങ്ങൾ ഉൾപ്പെടുത്തിയ പുസ്തകം നല്ലതു പ്രവർത്തിക്കാനുള്ള തിരിച്ചറിവും നൽകുന്നു.പുസ്തകങ്ങൾ എന്ന ഈ കവിതയിലൂടെ കവി ഊന്നൽ നൽകിയ ആശയവും കവിയുടെ നന്മയും ആസ്വാദനാംശങ്ങളിലൂടെ കവി പകർന്നുനൽകിയിട്ടുണ്ടെന്ന് തീർച്ച.

സമൂഹത്തിലെ നന്മകളെ തങ്ങളുടെ  കൃതികളിൽ ആവിഷ്കരിക്കുകയാണ് സാഹിത്യകാരൻ
ആ കൃതി നാം വായിക്കുന്നതിലൂടെ ആ നന്മ നമ്മിലേക്കും പകരുന്നു.കളിമണ്ണ് കൊണ്ട് കൃഷ്ണനെയും ബുദ്ധനെയും ക്രിസ്തുവിനെയും നിർമിക്കുന്ന ശിൽപിയെ പോലെയാണ് പുസ്തകങ്ങൾ. ഭാവിയിൽ നാം
എന്തായി തീരുമെന്നത് തീരുമാനിക്കുന്നത് നമ്മുടെ
പുസ്തകങ്ങളാണ്.ഇതിനൊരു ഉദാഹരണമാണ്
ഓാംസ് നില്ലി തന്റെ വിദ്യാലയ ആദ്യകാലങ്ങളിൽ വളരെ വികൃതിയും തെമ്മാടിയുമായിരുന്ന നില്ലി
അതിനിടയ്ക്ക് എപ്പോഴോ തുടങ്ങിയ വായനയിലൂടെ ഹൈക്കോടതി ജഡ്ജിയായി മാറിയ കഥ പത്രങ്ങളിൽ
വാർത്തയായിരുന്നു.വിഖ്യാത എഴുത്തുകാരൻ ഷേക്സ്പിയറോട് തങ്ങൾക്ക് ആവശ്യമുള്ള മൂന്ന് വസ്തുക്കൾ
പറയാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത്
പുസ്തങ്ങൾ,പുസ്തകങ്ങൾ,പുസ്തകങ്ങൾ എന്നായിരുന്നു.
അതായത് വായനയുടെ സുഖം അറിഞ്ഞ ആരും പിന്നീട് തിരിഞ്ഞ് നടക്കില്ല.അതൊന്ന് നുകരാൻ
ആരംഭിക്കുകയാണ് പ്രയാസം.ജീവിത പ്രതിസന്ധികളെ വായനയിലൂടെ മറികടക്കുന്ന അനേകം പേരുണ്ട്

നമുക്ക് ചുറ്റിലും.വടിയും വഴക്കുമില്ലാതെ ആസ്വാധകരെ മനസിലാക്കുന്ന അധ്യാപകരാണ് അഥവാ അതായിരിക്കണെ പുസ്തകങ്ങൾ.ഇനി നമ്മളും ചുറ്റുപാടും എത്ര വികസിച്ചാലും വായനയെ ഒപ്പം കൂട്ടണമെന്ന ആശയമാണ് ഈ കവിത നമുക്ക് പകരുന്നത്.



## കണ്ണീരണിഞ്ഞ കനവുകൾ



നന്ദന എം
10 ബി

ഉമ്മറത്തിണ്ണയിൽ ചാരുകസേരയിൽ
ഞെങ്ങിയമർന്നിരിക്കുന്നിതച്ഛൻ
ആരുമേകാണാത്തൊരാ കണ്ണുനീരി-
ന്നു ഭൂമിയെ ചാമ്പലായി മാറ്റിടുന്നു.
ഉണ്ണാൻകഴിഞ്ഞില്ലയുറങ്ങാൻ കഴിഞ്ഞില്ല
അച്ഛന്റെ ഓർമയിൽ ഉണ്ണി മാത്രം
അമ്മ മരിച്ചതിൽ പിന്നെ തന്നുണ്ണിക്ക്
അമ്മയും അച്ഛനും അച്ഛനായി.
കന്നിനെൽക്കതിരുകൾ പാറിനടക്കുന്നു
കാവിലെ പൂരവും കെങ്കേമമായി.
കുട്ടികളന്യോന്യം തല്ലുപിടിക്കുന്നി-
തെന്നുണ്ണി മാത്രം അനാഥനായ്.
ആദ്യാക്ഷരം കുറിക്കാനായിയെന്നുണ്ണി
പാഠശാലയിലേക്കുപോയ ദിനം.
തേങ്ങലും വാശിയും കൂടിയവന്റെ
കാന്തിയിൽ സൂര്യനസ്തമിച്ചു.
നന്നായി പഠിച്ചവൻ ഉന്നതിയിലെത്തി
അച്ഛന്റെ പേരഭിമാനമാക്കി.
ഉന്നതവിദ്യയ്ക്കായുണ്ണിയെന്നരികിൽ
നിന്നകലേ മാഞ്ഞങ്ങു പോയനേരം
ആയുരാരോഗ്യവും ആളാത്തവിദ്യയും
ഉണ്ണിതൻതലയിയായി ചാർത്തിനൽകി.


വിടച്ചൊല്ലിപ്പോകുന്ന മരണത്തിലേക്കെ-
ന്നറിയാതെയെന്നുണ്ണി പുഞ്ചിരിച്ചു.
കൊടുവാളും കത്തിയുമായൊരുകൂട്ടരെന്ന
വനെയവിടേക്കും സ്വീകരിച്ചു.
തുടരെത്തുടരെയെന്നുണ്ണിക്ക് മേലെയായ്
പ്രഹരമേൽപ്പിച്ചു രസിച്ചവർ,
അവസാനമെന്നുണ്ണിയാരുമറിയാതെ
യൊരുതുണ്ടുകയറിലായി പ്രതിയടഞ്ഞു.
കൂട്ടുകാരെല്ലാരുംമുണ്ണിതൻ മരണത്തെ
യാഘോഷമാക്കി അവധിയാക്കി.
പോയതെനിക്കെന്നുണ്ണിയും ജീവനും
പോർക്കളം തന്നിലെ രക്തസാക്ഷി!
ചാർത്തീതിലകം പണിതവർ സ്മാരകം
ഉണ്ണിക്കുകിട്ടി ധീരപദവി.
ഓർമകളൊക്കെയയവിറക്കീയച്ഛൻ
ചാരുകസേരയിൽ ചാഞ്ഞിടുന്നു.
ഇനിയൊരു പൈതലും എന്നുണ്ണി
യാകില്ലെന്നറിയാതെ അച്ഛൻ തേങ്ങിടുന്നു.
തൂലികാനമ്മുടെയായുധമാക്കുക
പുസ്തകം നമ്മുടെ പോർക്കളവും.
ഇനിയൊരു ഉണ്ണിയുമില്ലാതിരിക്കട്ടെ
യിനിയൊരു ജീവനും പൊലിയാതെപോട്ടെ



സാന്ദ്ര യു വി

7 ബി





# എന്റെ ഡയറി



**ശിവനന്ദ എൻ**

**2 എ**

**ഇ**ന്ന് ഡിസംബർ 25.യേശുക്രിസ്തുവിന്റെ ജന്മദിനമാണ്.ഇന്ന് അനുസരണയുടേയും സത്യസന്ധതയുടേയും നിറകുടമായ മറിയത്തിന്റേയും ജോസഫിന്റേയും മകനായിട്ടാണ് യേശു ജനിച്ചത്.ഞാൻ ശയ്യ വിട്ട് എഴുന്നേറ്റു.അപ്പോൾ ചേച്ചി പുസ്തകം വായിക്കുന്നുണ്ടായിരുന്നു.ഞാൻ എന്റെ പാഠപുസ്തകങ്ങൾ വായിച്ചു.ഞാൻ പുറത്തേക്ക് നോക്കിയപ്പോൾ മഞ്ഞു തുള്ളികൾ ഇലകളിൽ പതിച്ചതായി കണ്ടു.അത് വെള്ളിമുത്തുകളെ പോലെ തിളങ്ങുന്നുണ്ടായിരുന്നു.ഞാൻ ചേച്ചിക്ക് ആ മനോഹരമായ കാഴ്ച കാട്ടിക്കൊടുത്തു.പിന്നെ ഞാനും ചേച്ചിയും പ്രഭാതകൃത്യങ്ങൾ ചെയ്തു തീർത്തു.പാഠപുസ്തകം വായിച്ചു. ഞാനും ചേച്ചിയും രസകരമായ കളികൾ കളിച്ചു.ടി.വി.കണ്ടു.ഉച്ചഭക്ഷണം കഴിച്ചു.കുറച്ച് നേരം കിടന്നു.പിന്നെ കളിച്ചു.വൈകുന്നേരമായി.മുറ്റമടിച്ചു.ചായ കുടിച്ചു.കുളിച്ചു. സന്ധ്യാനാമം ചൊല്ലി. എഴുതി വായിച്ചു.അത്താഴം കഴിച്ചു.ഞാൻ നിദ്രയിലേക്ക് വഴുതി.

സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ

-എബ്രഹാം ലിങ്കൺ-

# പറവകൾ



**വൈഷ്ണവ്**

**7 ബി**

ദാഹിച്ചു വലയുന്ന പറവകൾ
പറന്നുയരുന്നു
പുഴകളിലേക്കും കുളങ്ങളിലേക്കും
പറന്നുയരുന്നുയരുന്നു
എവിടെയും മാലിന്യം നിറഞ്ഞ ജലാശയങ്ങൾ
പറവകൾ മനസിൽ കുറിച്ചു
മനുഷ്യനാണ് ഇതൊക്കെ ചെയ്തത്
എന്തിനാണ് എന്തിനാണ് ഞങ്ങളോട് ദ്രോഹം
ഈ ഭൂമി ഞങ്ങളുടേതുമല്ലേ
ദാഹിച്ചു വലഞ്ഞ പറവകൾ
പറക്കാനാവാതെ താഴേക്കു വീണു
ഇത് കണ്ട മേഘങ്ങൾ കറുത്തു
അവർ പറവകൾക്ക് ദാഹജലം നൽകി
പറവകൾ ജലം കുടിച്ച് പറന്നുയർന്നു
മേഘങ്ങളോട് നന്ദി പറഞ്ഞ് കൂട്ടിലേക്ക് മടങ്ങി

# ആപ്പിൾ സുന്ദരി



അവന്തിക സി
5 എ

ഉദയപുരം കൊട്ടാരത്തിലെ മഹാരാജാവിന്റെ ഒരേയൊരു മകളായിരുന്നു അലീനരാജകുമാരി.അവൾ വിവാഹ പ്രായമായി.വിവാഹം കഴിക്കാൻ രാജസഭയിൽ ഒരുപാട് രാജകുമാരന്മാർ വന്നു.അലീന അവളുടെ വരനെ കണ്ടെത്തി.തൊട്ടടുത്ത രാജ്യത്തെ ഒരേയൊരു രാജകുമാരൻ ആയിരുന്നു വരന്. അദ്ദേഹത്തിന്റെ പേര് ശിവദാസ് എന്നാണ്. ഒരു ഉത്സവം പോലെയാണ് അവരുടെ വിവാഹം കഴിഞ്ഞത്.സന്തോഷപൂർവമായ അവരുടെ ജീവിതം അവർ ആസ്വദിച്ചു.വർഷങ്ങൾ കടന്ന് പോയി.അവർക്ക് കുഞ്ഞുണ്ടായില്ല.ഒരു ദിവസം അവർ ക്ഷീണിതനായി ഒരു ആപ്പിൾ മരത്തിന്റെ ചുവട്ടിൽ വളരെ സങ്കടത്തോടെ ഇരുന്നു. അവർ പെട്ടെന്ന് ഒരു കുഞ്ഞ് കരയുന്ന ശബ്ദം കേട്ടു. അവർ തിരിഞ്ഞുനോക്കി.അവൾ അതിശയിക്കുന്ന ഒരു കാഴ്ചയാണ് കണ്ടത് . അതിസുന്ദരിയായ ഒരു പെൺകുഞ്ഞായിരുന്നു അത്. അവൾ ആ കുഞ്ഞിനെ എടുത്ത് രാജകൊട്ടാരത്തിൽ പോയി.നടന്ന സംഭവങ്ങൾ അവൾ പറഞ്ഞു.ആ കൊട്ടാരത്തിൽ ആ നിമിഷം മുതൽ ആഹ്ലാദം നിറഞ്ഞതായിരുന്നു.ആപ്പിൾ മരത്തിന്റെ ചുവട്ടിൽ നിന്ന് കിട്ടിയ ആ കുഞ്ഞിന് അവർ ആപ്പിൾ സുന്ദരി എന്ന പേരിട്ടു.

# കനൽ

ജനിഷ ഗംഗാധരൻ

10 എ



എരിയുന്ന മനമുണ്ടെനിക്കിന്നിറങ്ങുവാൻ
അണയാതെ വാനിൽ ജ്വലിക്കുന്നിതായവ
യെന്നോടു ചൊല്ലിത്തരുന്നുകണ്ടിന്നുമാ
ഭൂതകാലത്തിൻ കരിപുരണ്ടോർമകൾ
ഇരുളിൻ ചെയ്തികളിലിഴചേർത്തോ
രോർമയെ വീണ്ടും ജ്വലിപ്പിക്കുകയാണോയമ
അടക്കിപ്പിടിച്ചൊരാ ശബ്ദവീചികൾ എൻ മനം
കീറിമുറിക്കുന്നുവോ....
അമ്മ തൻ മാറിൽ ചാഞ്ഞുറങ്ങാതെയാ
യച്ഛന്റെ കൈകളിൽ മുറുകെ പിടിച്ചുകൊണ്ടോ
രോയടിയും പതറാതെ ഉറപ്പിച്ചുവെയ്ക്കുവാൻ
ഇനിയുമാശിക്കുമൊരു മനമുണ്ടിന്നെന്നുമേ
അമ്മക്കിളിതൻ ചൂടേറ്റു ഉറങ്ങാതെ കൂട്ടിൽ
ഇന്നേകയായുണ്ടെൻ ജഢം മാത്രം
അമ്മതൻ ഉദരത്തിൽ പറ്റിപ്പിടിച്ചവരെല്ലേ-
യവർക്ക് അമ്മതൻ അമ്മിഞ്ഞപ്പാൽ നുകർന്നതല്ലേ
എന്തിനാണിന്നുമാ ഇരുളിൽ കരങ്ങളെന്നെ
കാറ്റിൽ അണയാൻ ശ്രമിക്കും തിരികളാക്കി
കാറ്റിൻകരങ്ങളെന്നെ കോരിയെടുക്കുമോയിന്ന്
അറ്റുകിടക്കുമെൻ കുപ്പായകണ്ടങ്ങൾ
ചേർത്തുവെച്ച് പുതക്കുവാനാകാതെ
അടക്കിപ്പിടിച്ചൊരാ നിലവിളി മാത്രമായി


ആരോടുച്ചൊല്ലുമീ ക്രൂരമാം നൊമ്പരം
ആഞ്ഞടിക്കും തിരമാല കൊണ്ടുപോകുമോ
പിച്ചിയെടുത്തൊരാ ജീവജഡം മാത്രം എന്തിനാണീ
തിരമാല ബാക്കിവെച്ച
കാത്തിടുന്ന അമ്മക്കിളിതൻ നറുചൂടേൽക്കുവാൻ
വിഹായസ്സിൽ ചിറകടിച്ചുപറക്കമാ കിളി തൻ
ചിറകൊടിച്ചിട്ടോരാ കാലമാണിന്നെൻ
നനയാത്ത മഴയും നനയിച്ചെടുത്തുവോ?
എരിയുമെൻ മനം വീണ്ടുമീ മഴയിൽ
തണുത്തുറയുമെന്ന ഞാൻ കാത്തിടുന്ന
ഇന്നും കാത്തിടുന്ന

Pleasure in the job puts perfection in the works

*അഭിനവ് കെ*

*7 ബി*





# 60-ാം സംസ്ഥാന കലോത്സവത്തിൽ എ ഗ്രേഡ് നേടിയ കഥ



അമൃത കെ
10 എ

60th Kerala School Kalolsavam, Nov 28 - Dec 1, 2019 _ Kasaragod

Item Code: 642 Participant Code: 1

## मैं कब तक हँस सकूँगा

सूरज पश्चिम की ओर चल रहे हैं। सूरज की रोशनियाँ उसकी आँसु से बाहर निकलते समय मोती के समान चमकते हैं। आम के पेड के नीचे बैठकर वह रो रहा था। कल स्कूल में हुआ उस घटना उसे भूल न सका।

कल क्लास में एक परीक्षा चल रहा था। साहिल को उस परीक्षा में बहुत कम मार्क मिला था वह फेल हो गया। अध्यापक सब बच्चों के सामने उसे 'मूढ बन्दर' कहा। सब बच्चे उसे यह कहकर मज़ाक किये। गीतू, जो सब समय साहिल को तमाशा करनेवाली लडकी इस घटना के बाद उसे 'मूढ बन्दर' कहने लगा। साहिल का मन बहुत खराब हो गया। वह कुछ न कहा। मुँह नीचे करके वह अपना जगह पर बैठा।

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Page No: 1

सब परीक्षा में साहिल का मार्क इस तरह था। इसलिए वह बड़ा निराशा में पड़ गया। हँसने को भी वह भूल रहा था।

पेड़ के नीचे दुखित होकर बैठे साहिल को देखकर माँ का मन बहुत खराब हो गया। ~~उस~~ वह हाथ

"साहिल, इधर आओ..." माँ ने कहा,

साहिल आँसू पोंछकर, दौड़कर माँ के पास गया। माँ अपने हाथ में रखे एक मीठा आम ~~को~~ साहिल को दिया। ~~वह~~ माँ की इस मीठा उपहार उसको बहुत खुश देनेवाला था। उसका सिर पर थपथपाकर माँ ने कहा:

"क्या हुआ बेटा?"

"माँ, मैं कठिन मेहनत किया, लेकिन मुझे पास हो न सका"... यह कहकर वह रोने लगा।

"मत रोना बेटा, मुझे प्रतीक्षा है, तुम जरूर ~~a~~ वापस आऊँगा। अब मैं तुझे एक कहानी कह दूँगा।"

(**Note:** Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Page No: 2

60th Kerala School Kalolsavam, Nov 28 - Dec 1, 2019 _ Kasaragod

Item Code: 642 Participant Code: 1

वह कहने लगा: "एक बार एक दादुर रहा था। उसका एकमात्र सपना यह था कि एक पेड़ पर चढ़ना। यह सुनकर सब दादुर उसे मज़ाक किया। लेकिन वह पीछे न गया। एक दिन अपने मित्रों को बुलाकर वह पेड़ पर चढ़ने का परिश्रम करने लगा। सब उसे परिहास करने लगा। लेकिन अंत में वह पेड़ पर चढ़ा।"

"कैसे"? साहिल उत्सुकता से पूछा।

"दरअसल में वह दादुर बधिर था। वह सोचा कि अपने मित्र उसे प्रोत्साहन करते हैं। बेटा, इस कहानी से तुम क्या समझा?"

माँ प्रतीक्षा से उसके चेहरे पर देखा।

"वह दादुर बड़ा भाग्यशाली है।" दबी हुई हँसी से उसने कहा।

"शैतान लड़का..." यह कहकर माँ ने उसे पकड़कर आलिंगन की। दोनों हँसते रहे। सूरज इस दृश्य देखकर पश्चिम की ओर गया।

*** *** ***

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

# അനുഭവം

**മൃദുൽ പി റാം**

**10 എ**

*2018-19 അധ്യാന വർഷത്തെ സ്കൂളിലെ നന്മ ക്ലബ്ബിന്റെ വിവിധ സന്നദ്ധപ്രവർത്തനങ്ങളിൽ വളരെ വിജയകരമായതും അധ്യാപക വിദ്യാർഥികൾക്കിടയിൽ ഇടം പിടിച്ച പ്രവർത്തനം ആയിരുന്ന ജൈവപച്ചക്കറി കൃഷി.നന്മ ക്ലബ്ബ് കോർഡിനേറ്റർ ഗീത ടീച്ചറുടെ നേതൃത്വത്തിൽ ആയിരുന്ന പച്ചക്കറികൃഷിയുടെ തുടക്കം.പച്ചക്കറി കൃഷി എങ്ങനെ ചെയ്യാം?എന്തൊക്കെ സാധന സാമഗ്രികൾ കൃഷിക്കായി ആവശ്യമുണ്ട്,മണ്ണ്,വളം എന്നിവയെ പറ്റി കൂടുതൽ കാര്യങ്ങൾ മനസിലാക്കിത്തരുകയും തുടക്കം മുതൽ ഒടുക്കം വരെ പ്രവർത്തിച്ച മടിക്കൈയിലെ അറിയപ്പെടുന്ന കർഷകനായ ഭാസികരേട്ടൻ ആണ്.ഭാസ്കരേട്ടൻ നൽകുന്ന നിർദേശപ്രകാരം കോർഡിനേറ്ററും ക്ലബ്ബ് അംഗങ്ങളും ഊർജസ്വരായി പ്രവർത്തിച്ചു.ഒരു ചെറിയ രീതിയിലായിരുന്ന കൃഷി ആരംഭിച്ചത്.എന്നാൽ ആധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പരിശ്രമം കൊണ്ട് പയർ,മുളക്,തക്കാളി,വെണ്ട,ചീര,മത്തൻ,വഴുതന എന്നീ പച്ചക്കറികൾ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ അളവിൽ വിളവെടുക്കാൻ സാധിച്ചു.പഴം,പച്ചക്കറി എന്നീ ഭക്ഷ്യവിളകൾ ലഭിക്കാൻ അന്യസംസ്ഥാനക്കാരെ ആശ്രയിച്ചിരുന്ന അധ്യാപകർ,വിദ്യാർഥികൾ എന്നിവർ കൃഷി വിളവെടുപ്പ് മുതൽ പച്ചക്കറികൾക്കായി നന്മ ക്ലബ്ബിനെ ആശ്രയിക്കുന്ന രീതിയിലേക്ക് മാറി.വെറും ഒരു പ്രവർത്തനം എന്നല്ലാതെ ഒരു പുത്തൻ അറിവായിരുന്നു.ജൈവപച്ചക്കറികൃഷിയിലൂടെ വിദ്യാർഥികൾക്ക് ലഭിച്ചത് വിൽപ്പനയ്ക്ക് പുറമേ ഇതിൽ നിന്നും ലഭിച്ചപച്ചക്കറികൾ സ്കൂൾ ഉച്ചഭക്ഷണത്തിനു വേണ്ടിയും ഉപയോഗിച്ചത്.ഒരു പക്ഷേ നന്മ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയ പച്ചക്കറി കൃഷി സ്കൂളിലും നാട്ടുകാർക്കിടയിലും ശ്രദ്ധേയമായ ഒരു കാര്യമാണ്.*

*ഈ പ്രവർത്തനത്തിന്റെ വെളിച്ചത്തിൽ പഞ്ചായത്ത് ഏർപ്പെടുത്തിയ കുട്ടിക്കർഷകനുള്ള അനുമോദനം സംസ്ഥാന കൃഷിവകുപ്പുമന്ത്രി വി എസ്*

*സുനിൽകുമാറിൽ നിന്നും ഏറ്റുവാങ്ങാൻ കഴിഞ്ഞത് ജീവിതത്തിലെ അസുലഭഭാഗ്യമായി കാണുന്നു.*

*ഇതിനു പിന്നിൽ നിന്ന് പ്രവർത്തിച്ച വിദ്യാർഥികളുടേയും അധ്യാപകരുടേയും പരിശ്രമഫലമായ ജൈവപച്ചക്കറി കൃഷി മടിക്കൈ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ.സി പ്രഭാകരൻ വിളവെടുത്ത് ഉദ്ഘാടനം ചെയ്തിരുന്നു.*



***മികച്ച കുട്ടിക്കർഷകനുള്ള അനുമോദനം സംസ്ഥാന കൃഷിവകുപ്പ് മന്ത്രി വി എസ് സുനിൽകുമാറിൽ നിന്നും മൃദുൽ പി റാം ഏറ്റുവാങ്ങുന്നു.***

# 2019-21 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# നന്ദി ....



